**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4082** **09-08-2021 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിൽ പണി പൂർത്തീകരിച്ച പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ പണി പൂർത്തീകരിച്ചതും എന്നാൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാത്തതുമായ എത്ര പാലങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ പണി പൂർത്തീകരിച്ചതും എന്നാൽ പൊതുജന-ങ്ങൾക്കായി തുറന്നു കൊടുക്കാത്തതുമായ പാലങ്ങൾ ഒന്നും തന്നെ ഇല്ല. |
| (ബി) | പണി പൂർത്തീകരിച്ചതും എന്നാൽ അപ്രോച്ച് റോഡുകളുടെ നിർമ്മാണം വൈകുന്നതുമൂലം തുറക്കാൻ കഴിയാത്തതുമായ എത്ര പാലങ്ങളുണ്ടെന്ന് അറിയിക്കാമോ; | (ബി) | പണി പൂർത്തീകരിച്ചതും എന്നാൽ അപ്രോച്ച് റോഡിന്റെ നിർമ്മാണം വൈകുന്നതും മൂലം തുറക്കാൻ കഴിയാത്ത 5 പാലങ്ങളാണുള്ളത്. |
| (സി) | പാലത്തിന്റെ പണി പൂർത്തീകരിച്ചിട്ടും അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | അപ്രോച്ച് റോഡിനായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് നടന്നു വരുന്നു. എന്നാൽ തണ്ണീർത്തടത്തിൽ ഉൾപ്പെട്ടു വരുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾക്കു കൃഷി വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതിനാൽ കാലതാമസം നേരിടുന്നുണ്ട്. ആയതിനാവശ്യമായ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കി നിർമ്മാണം ത്വരിതപ്പെടു-ത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ